പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 915

11.06.2014-ൽ മറുപടി നല്കേണ്ടിയിരുന്നത്

## പട്ടികജാതിയിൽപ്പെട്ട ഭവനരഹിതർ

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ. എ. കെ. ബാലൻ</td><td colspan="2">ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് നിലവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര ഭവന രഹിതർ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;</td><td>(എ)</td><td>ജില്ല തിരിച്ചുള്ള കണക്ക് ഉള്ളടക്കം ചെയ്യുന്നു.<br><table>
<tr><th>ജില്ല</th><th>ഭവനരഹിതർ</th></tr>
<tr><td>തിരുവനന്തപുരം</td><td>4172</td></tr>
<tr><td>കൊല്ലം</td><td>1163</td></tr>
<tr><td>പത്തനംതിട്ട</td><td>849</td></tr>
<tr><td>ആലപ്പുഴ</td><td>599</td></tr>
<tr><td>കോട്ടയം</td><td>1122</td></tr>
<tr><td>ഇടുക്കി</td><td>1070</td></tr>
<tr><td>എറണാകുളം</td><td>1876</td></tr>
<tr><td>തൃശ്ശൂർ</td><td>2484</td></tr>
<tr><td>പാലക്കാട്</td><td>1347</td></tr>
<tr><td>മലപ്പുറം</td><td>611</td></tr>
<tr><td>കോഴിക്കോട്</td><td>30</td></tr>
<tr><td>വയനാട്</td><td>563</td></tr>
<tr><td>കണ്ണൂർ</td><td>455</td></tr>
<tr><td>കാസർഗോഡ്</td><td>258</td></tr>
<tr><td>ആകെ</td><td>16599</td></tr>
</table></td></tr>
<tr><td>(ബി)</td><td>പട്ടികജാതി വിഭാഗങ്ങളുടെ ഭവന നിർമ്മാണ പദ്ധതിക്കായി 2011-12, 2012-13, 2013-14 വർഷങ്ങളിൽ എത്ര തുകയാണ് ബജറ്റിൽ അനുവദിച്ചതെന്നും ഇതിൽ ഓരോ വർഷവും എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;</td><td>(ബി)</td><td><table>
<tr><th>വർഷം</th><th>അനുവദിച്ച തുക (ലക്ഷത്തിൽ)</th><th>ചെലവഴിച്ച തുക (ലക്ഷത്തിൽ)</th></tr>
<tr><td>2011-12</td><td>9000</td><td>8986.01</td></tr>
<tr><td>2012-13</td><td>10000</td><td>9999.85</td></tr>
<tr><td>2013-14</td><td>9500</td><td>8484.75</td></tr>
</table></td></tr>
</table>

| | | | |
|---|---|---|---|
| (സി) | ഈ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ഭവന നിർമ്മാണത്തിനുള്ള എത്ര അപേക്ഷകളാണ് ലഭിച്ചത് ; അതിൽ എത്ര പേരെ തെരഞ്ഞെടുത്തുവെന്നും എത്ര പേർക്ക് പൂർണ്ണമായും തുക അനുവദിച്ചുവെന്നും എത്ര പേർ നിർമ്മാണം പൂർത്തിയാക്കിയെന്നും വ്യക്തമാക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (സി) | ജില്ല തിരിച്ചുള്ള ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു. അനുബന്ധം - I |
| (ഡി) | ഭവനരഹിതരെ കണ്ടെത്തുന്നതിന് 2009 ന് ശേഷം സർവ്വേ നടത്തി യിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | 2009-ന് ശേഷം ഭവനരഹിതരെ കണ്ടെത്തുന്നതിന് വകുപ്പ് സർവ്വെ നടത്തിയിട്ടില്ല. |
| (ഇ) | ഭവന നിർമ്മാണ പുരോഗതി അവലോ കനം ചെയ്തിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള കണ്ടെത്തലുകൾ വിശദീകരിക്കുമോ; | (ഇ) | എല്ലാ മാസവും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഭവന നിർമ്മാണ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. ഭവന നിർമ്മാണ സാധന സാമഗ്രികളുടെ ലഭ്യത കുറവും, വില വർദ്ധനവും, സാധനങ്ങൾ വീട് വയ്ക്കുന്ന സ്ഥലത്ത് എത്തിക്കുന്നതിനുള്ള ഭീമമായ ലേബർ ചാർജ്ജും കാരണം നിലവിൽ അനുവദിക്കുന്ന ധനസഹായ തുക അപര്യാപ്തമാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്. |
| (എഫ്) | ഇന്ദിരാ ആവാസ് യോജന പ്രകാരമുള്ള ധനസഹായം ഭവന നിർമ്മാണത്തിന് ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽകഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ലഭിച്ച ധനസഹായവും, ചെലവഴിച്ച തുകയും വ്യക്തമാക്കുമോ; | (എഫ്) | ലഭിക്കുന്നുണ്ട്.കഴിഞ്ഞ മൂന്നുവർഷങ്ങളിൽ ലഭിച്ച ധനസഹായം/ ചെലവഴിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. (തുക ലക്ഷത്തിൽ) |

| വർഷം | ലഭിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 2011-12 | 3167.88 | 2472.76 |
| 2012-13 | 2334 | 2296.92 |
| 2013-14 | 2901.52 | 2752 |

| | | | |
|---|---|---|---|
| (ജി) | പദ്ധതിയിലൂടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നത് എപ്രകാരമാണെന്ന് വിശദമാക്കുമോ? | | വാർഡ് തല ഗ്രാമസഭതെരഞ്ഞെടുക്കുന്ന അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിന് നൽകുകയും ഗ്രാമ പഞ്ചായത്ത് ടി ലിസ്റ്റുകൾ മുൻഗണനാ ക്രമത്തിൽ തയ്യാറാക്കി അംഗീകാരം നല്കിയ ശേഷം ബ്ലോക്ക് പഞ്ചായത്തുകൾക്ക് നല്കുന്നു. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ വെരിഫിക്കേഷൻ നടത്തി അർഹത പരിശോധിച്ചശേഷം മുൻഗണനാപ്രകാരം ഗുണഭോക്താക്കൾക്ക് വീട് അനുവദിക്കുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം-I</u>

| ജില്ല | വർഷം | ഭവനനിർമ്മാണ പദ്ധതി പ്രകാരം ലഭിച്ച അപേക്ഷ കൾ | ഗുണഭോക്താ ക്കൾ | പൂർണമായും തുക അനുവദിച്ച വരുടെ എണ്ണം | വീടു പണി പൂർത്തിയാക്കിയവ രുടെ എണ്ണം |
|---|---|---|---|---|---|
| തിരുവനന്തപുരം | 2011-12 | 410 | 330 | 277 | 277 |
| | 2012-13 | 609 | 595 | 425 | 425 |
| | 2013-14 | 902 | 861 | 10 | 10 |
| കൊല്ലം | 2011-12 | 400 | 230 | 148 | 148 |
| | 2012-13 | 700 | 515 | 269 | 269 |
| | 2013-14 | 1549 | 736 | 7 | 7 |
| പത്തനംതിട്ട | 2011-12 | 250 | 190 | 143 | 143 |
| | 2012-13 | 326 | 260 | 179 | 179 |
| | 2013-14 | 408 | 336 | 8 | 8 |
| ആലപ്പുഴ | 2011-12 | 184 | 150 | 62 | 62 |
| | 2012-13 | 284 | 250 | 64 | 64 |
| | 2013-14 | 380 | 362 | 92 | 92 |
| കോട്ടയം | 2011-12 | 190 | 170 | 170 | 170 |
| | 2012-13 | 271 | 220 | 220 | 220 |
| | 2013-14 | 302 | 302 | 3 | 3 |
| ഇടുക്കി | 2011-12 | 484 | 471 | 408 | 408 |
| | 2012-13 | 361 | 255 | 111 | 111 |
| | 2013-14 | 384 | 296 | 1 | 1 |
| എറണാകുളം | 2011-12 | 223 | 220 | 180 | 180 |
| | 2012-13 | 512 | 495 | 426 | 426 |
| | 2013-14 | 692 | 537 | 16 | 16 |
| തൃശ്ശൂർ | 2011-12 | 754 | 400 | 400 | 284 |
| | 2012-13 | 814 | 565 | 565 | 376 |
| | 2013-14 | 946 | 650 | 650 | 6 |
| പാലക്കാട് | 2011-12 | 546 | 525 | 199 | 199 |
| | 2012-13 | 757 | 713 | 325 | 325 |
| | 2013-14 | 763 | 750 | 4 | 4 |
| മലപ്പുറം | 2011-12 | 605 | 410 | 303 | 303 |
| | 2012-13 | 532 | 460 | 320 | 320 |
| | 2013-14 | 1012 | 869 | 50 | 50 |
| കോഴിക്കോട് | 2011-12 | 300 | 300 | 205 | 306 |
| | 2012-13 | 320 | 320 | 156 | 156 |
| | 2013-14 | 339 | 339 | 0 | 0 |
| വയനാട് | 2011-12 | 115 | 100 | 81 | 81 |
| | 2012-13 | 76 | 50 | 39 | 39 |
| | 2013-14 | 88 | 62 | 0 | 0 |
| കണ്ണൂർ | 2011-12 | 160 | 160 | 97 | 97 |
| | 2012-13 | 160 | 160 | 96 | 96 |
| | 2013-14 | 200 | 200 | 0 | 0 |
| കാസർഗോഡ് | 2011-12 | 305 | 150 | 104 | 104 |
| | 2012-13 | 590 | 143 | 100 | 100 |
| | 2013-14 | 186 | 105 | 0 | 0 |

സെക്ഷൻ ഓഫീസർ